"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഷിജികുമാർ. എസ്-ന് പലിശരഹിത വായ്പ അനുവദിച്ചു കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.79/2024/LSGD തീയതി,തിരുവനന്തപുരം, 09-01-2024

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 26/12/2023-ലെ LSGD/PD/70506/ 2023-DEG1 നമ്പർ കത്ത്.
2. ശ്രീ. ഷിജികുമാർ. എസ് സമർപ്പിച്ച 28/12/2023- ലെ അപേക്ഷ.
3. 09/01/2024ലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എ1/02/എ.ഇ.ഇ/സി.കെ.എൽ. ബി.പി നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. ഷിജികുമാർ. എസ്-ന് **(ജനനത്തീയതി - 26.05.1971)** തിരുവനന്തപുരം ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസിൽ ചികിത്സയ്ക്കായി ₹ 2,25,000/- (രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) പലിശരഹിത വായ്പയായി അനുവദിക്കുന്നതു സംബന്ധിച്ച് 02/12/2023-ൽ സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. തുടർന്ന് ശ്രീ. ഷിജികുമാർ. എസ് പരാമർശം (2) പ്രകാരം നിലവിൽ ചികിത്സയ്ക്കായി ടിയാന് ₹ 2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) മാത്രമേ ആവശ്യമുള്ളൂ എന്ന് അറിയിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. ഷിജികുമാർ. എസ്-ന് **(PEN : 728390)** തിരുവനന്തപുരം ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസിൽ CABG Operation ചികിത്സയ്ക്കായി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) പലിശരഹിത മെഡിക്കൽ വായ്പ അനുവദിച്ച് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95 (02)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

3) ഇപ്രകാരം അനുവദിച്ച പലിശരഹിത ചികിത്സാ വായ്പ, ശ്രീ. ഷിജികുമാർ. എസ്, സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശ രഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത സാഹചര്യത്തിലും മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം

തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്. വായ്പ ക്രമീകരിക്കുന്നതിനായി വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിൽസയുടെ ബില്ലുകളും അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റും മാത്രമേ ലഭ്യമാക്കാവൂ.

4) പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ വായ്പക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുമ്പായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിനാൽ വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
2) ശ്രീ. ഷിജികുമാർ. എസ്, ഓഫീസ് അറ്റൻഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ചിറയിൻകീഴ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ ( എ&ഇ), തിരുവനന്തപുരം
5) ധനകാര്യവകുപ്പ് (08/01/2024-ലെ 2661633/Loans-L3/5/2024-Fin പ്രകാരം)
6) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (05-01-2024-ലെ ജി2/1378/2023/ആ.കു.വ (പ്രകാരം)
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8) വെബ് & ന്യൂ മീഡിയ ഡിവിഷൻ ഡിപ്പാർട്ട്മെന്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Prasanth C
സെക്ഷൻ ഓഫീസർ
Date: 10-01-2024 12:25:42